# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 226

14/12/2015 ൽ മറുപടിക്ക്

### ദേശീയ ജലപാത പദ്ധതി

**ചോദ്യം**

ശ്രീ. കെ. രാധാകൃഷ്ണൻ
ശ്രീ. എം. ഹംസ
ശ്രീ. കെ.കെ. നാരായണൻ
ശ്രീമതി. കെ.കെ.ലതിക

(എ) കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത 2012-13 വർഷം യാഥാർത്ഥ്യ മാക്കുമെന്ന ബജറ്റ് പ്രഖ്യാപനം നടപ്പി ലായോ ; ഇല്ലെങ്കിൽ അതിന്റെ കാരണ മെന്തെന്ന് അറിയിക്കാമോ;

**ഉത്തരം**

ശ്രീ. പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

(എ) ഇല്ല. കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ജലപാതയാണ് ദേശീയ ജലപാത നമ്പർ - 3 ആയി അംഗീകരിച്ച് പ്രവൃത്തികൾ നടത്തിവരുന്നത്. ഇതിന് ചമ്പക്കരകനാൽ, (14 കി.മീ), ഉദ്യോഗ മണ്ഡൽ കനാൽ (23 കി.മീ) ഉൾപ്പെടെ 205 കി.മീ ദൈർഘ്യമാണുള്ളത്. ഈ പണിയുടെ മേൽനോട്ടം വഹിക്കുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ 'ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇൻഡ്യ' (IWAI) ആണ്. പ്രസ്തുത പണികൾ നടത്തുമ്പോൾ ലഭ്യമാകുന്ന മണ്ണ്, ചെളി, മറ്റു മാലിന്യങ്ങൾ എന്നിവ കരയിൽ നിക്ഷേപി ക്കുവാൻ മതിയായ സ്ഥലങ്ങൾ ലഭ്യമാകാത്തതും ഇപ്രകാരം ലഭിക്കുന്ന മണലിനെ ചൊല്ലി നാട്ടുകാർ ഉന്നയിക്കുന്ന അവകാശവാദങ്ങൾ, ജലപാതയിൽ മാർഗ്ഗതടസ്സമായി സ്ഥാപിക്കപ്പെട്ട ചീനവലകൾ, ഊന്നിവലകൾ എന്നിവയും, കൊല്ലം-ചവറ ഭാഗങ്ങളിൽ കാണുന്ന വളരെ കട്ടികൂടിയ പ്രതലം (UnderWater Laterite bed) മുതലായവയാണ് ഈ പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുള്ള കാല താമസത്തിനുള്ള പ്രധാന കാരണങ്ങൾ.

കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത കമ്മീഷൻ ചെയ്യുന്നത് സംബന്ധിച്ച ചർച്ചകൾ ചെയ്യുന്നതിനായി ബഹു: മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ IWAI അധികൃതർ, ചീഫ് എഞ്ചിനീയർ (I&A), ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി 01-12-2015 ൽ യോഗം

ചേരുകയും പ്രസ്തുത പദ്ധതി 2016 ജനുവരി അവസാനത്തോടെ കമ്മീഷൻ ചെയ്യുവാൻ തീരുമാനം എടുക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ദേശീയ ജലപാത പദ്ധതികൾക്കായി 2012-13 ബജറ്റിൽ പ്രഖ്യാപിച്ച 90 കോടി രൂപ ഏതൊക്കെ പദ്ധതികൾക്കായാണ് വിനിയോഗിച്ചതെന്ന് അറിയിക്കാമോ;

(ബി) ദേശീയ ജലപാത പദ്ധതികൾക്കായി 2012-13 ബഡ്ജറ്റിൽ പ്രഖ്യാപിച്ച 90 കോടി രൂപാ നബാർഡ് (40 കോടി), 13-ാം ധനകാര്യ കമ്മീഷൻ (50 കോടി) എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പ്രവർത്തികൾ നടപ്പിലാക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്.

1) ദേശീയ പാതയിലേക്കു വരുന്ന ഉപകനാലുകൾ, ഉദാ:കന്നേറ്റി കനാൽ
2) കൊല്ലം-കോവളം ഭാഗത്ത് വരുന്ന അഞ്ചുതെങ്ങ്-നടയറ കായൽ പുനഃരുദ്ധാരണം.
3) കോട്ടപ്പുറം-വടകര ഭാഗത്തുള്ള പി.സി.കനാൽ താനൂർ-കൂട്ടായി കനാൽ.
4) മെക്കാനിക്കൽ ജോലികൾ
5) വടകര-മാഹി കനാൽ ആദ്യ ഭാഗം(4 കി.മീ.).
6) ഇ.കെ.കനാൽ പുനഃരുദ്ധാരണം.

ആകെ മേൽ സൂചിപ്പിച്ച രണ്ട് പദ്ധതികളിലുമായി ഏകദേശം 1943.29 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) കോവളം-കൊല്ലം, കോട്ടപ്പുറം-നീലേശ്വരം ജലപാതകളുടെ വികസന പുരോഗതി അറിയിക്കാമോ;

(സി) ദേശീയ ജലപാത-III യുടെ ഇരു ഭാഗങ്ങളിലായി ബന്ധപ്പെട്ട് വരുന്ന കോവളം-കൊല്ലം, കോട്ടപ്പുറം -നീലേശ്വരം ജലപാതകളാണ് സംസ്ഥാന ജലപാതകളായി അംഗീകരിച്ചിട്ടുള്ളത്.

വികസന പ്രവർത്ത്നങ്ങളുടെ ഫലമായി 74.18 കി.മീ നീളമുള്ള കോവളം-കൊല്ലം, ജലപാതയിൽ ഏകദേശം 25 കി.മീറ്ററും, 347 കി. മീറ്റർ നീളമുള്ള കോട്ടപ്പുറം- നീലേശ്വരം ജലപാതയിൽ 195 കി.മീറ്റർ ദൂരവും ഗതാഗതയോഗ്യമാണ്. കൂടാതെ കോട്ടപ്പുറം- നീലേശ്വരം ജലപാത കാസർകോഡ് വരെ നീട്ടുന്നതിനുള്ള പ്രാരംഭ നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) നബാർഡ് സഹായത്തോടെ നടത്തുമെന്ന് പ്രഖ്യാപിച്ചിരുന്ന വടകര-മാഹി, ഇ.കെ. കനാൽ എന്നിവയുടെ നിർമ്മാണ/പുനരുദ്ധാരണ പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ; ഇതുവരെ എന്തു തുക ചെലവഴിച്ചു ;

(ഡി) <u>വടകര - മാഹി കനാൽ റീച്ച് - 1</u>

ചെയിനേജ് 450.080 കി.മീ. മുതൽ 454.080 കി.മീ. വരെ (4 കി.മീ.നീളം)

.കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ

22.01.2013-ൽ എഗ്രിമെന്റ് വച്ച് ആരംഭിച്ച ഈ റീച്ചിന്റെ നിർമ്മാണത്തിന്റെ ഏകദേശം 20 ശതമാനം മാത്രമേ പൂർത്തിയാക്കാൻ സാധിച്ചിട്ടുള്ളൂ. കനാൽ നിർമ്മാണ സമയത്ത് വശങ്ങളിലെ മണ്ണ് ഇടിഞ്ഞു താഴുകയും പാർശ്വസംരക്ഷണ ഭിത്തി തകർന്ന് വീഴുകയും ചെയ്തതിനെ തുടർന്ന്, കനാൽ നിർമ്മാണം നിർത്തിവയ്ക്കുകയും കരാറുകാരന്റെ എഗ്രിമെന്റ് ഫോർക്ലോസ് ചെയ്യുകയും ചെയ്തു എങ്കിലും സംസ്ഥാന ജലപാതനിലവാരത്തിൽ (14 മീറ്റർ വീതിയിലും 1.7 മീറ്റർ ആഴത്തിലും) കനാലിന്റെ ഈ റീച്ച് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്.

ഇതുവരെ ചെലവഴിച്ച തുക 3,34,93,350/- (മൂന്നുകോടി മുപ്പത്തിനാലു ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി മൂന്നൂറ്റിഅൻപത് രൂപ) (ശീർഷകം- 5075-60-800-86-നബാർഡ്)

**ഇ.കെ.കനാൽ**

കോഴിക്കോട് സിറ്റിയിൽ കൂടികടന്നുപോകുന്ന 11.2 കി.മീ നീളത്തിലുള്ള ഇ കെ കനാലിന്റെ (കനോലി കനാൽ)8.8 കി മീ നീളത്തിൽ ആഴം കൂട്ടലും പാർശ്വഭിത്തി സംരക്ഷണവും, നബാർഡ് ആർ ഐ ഡി എഫ് 17-ൽ ഉൾപ്പെടുത്തി 85 ശതമാനത്തോളം പ്രവൃത്തി പൂർത്തീകരിച്ചു. കനാൽ ഗതാഗത യോഗ്യ മാക്കിയിട്ടുണ്ട്. ഇതുവരെ ചെലവഴിച്ച തുക 2,89,86,272/-(രണ്ടു കോടി എൺപത്തിഒൻപത് ലക്ഷത്തി എൺപത്തി ആറായിരത്തി ഇരുനൂറ്റി എഴുപത്തിരണ്ട് രൂപ) (ശീർഷകം- 5075-60-800-86-നബാർഡ്)

| | | |
|---|---|---|
| (ഇ) ദേശീയ ജലപാത പൂർണ്ണതോതിൽ പ്രാവർത്തികമാക്കുന്നതിന് ഇനിയും എത്ര കോടി രൂപ ചെലവഴിക്കേണ്ടതായി വരുമെന്ന് കരുതുന്നു? | (ഇ) | ദേശീയ ജലപാതയുടെ നിർമ്മാണചെലവ് പൂർണ്ണമായും കേന്ദ്രസർക്കാരാണ് വഹിക്കുന്നത്. 31-03-2015 വരെ കേന്ദ്ര സർക്കാർ ഈ പദ്ധതിയ്ക്കായി ആകെ 220 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. ഈ പദ്ധതിയ്ക്കായി സംസ്ഥാന സർക്കാർ ഊന്നി/ ചീനവലകൾ നീക്കം ചെയ്യുന്നതിനുള്ള നഷ്ട പരിഹാരമായി ഇതുവരെ 12.475 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. ഈ |

വകയിൽ ഇനി 5.5 കോടി രൂപ കൂടി ആവശ്യമായി വരും. കൂടാതെ 74 വലകൾ നീക്കം ചെയ്യുന്നതിനുള്ള സ്പെഷ്യൽ പാക്കേജായി 28.8 ലക്ഷം രൂപയും നീക്കി വെച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ